മൊബൈൽ വാട്ടർ അനാലിസിസ് ലബോറട്ടറി

158 (1886) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിണറുകളിലെ കുടിവെള്ളത്തിലടങ്ങിയ മാലിന്യങ്ങൾ പരിശോധിക്കുന്നതിന് കുന്ദമംഗലം സി.ഡബ്ല്യു.ആർ.ഡി.എം.-ന് നൽകുമെന്ന് പ്രഖ്യാപിച്ച മൊബൈൽ വാട്ടർ അനാലിസസ് ലബോറട്ടറി ഇതേവരെ അനുവദിച്ചില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത മൊബൈൽ ലബോറട്ടറി എന്നത്തേക്ക് അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പദ്ധതി നിർദ്ദേശം സ്റ്റേറ്റ് ലെവൽ സ്കീം സെലക്ഷൻ കമ്മിറ്റിയുടെ (SLSC)പരിഗണനയിലാണ്.

ഉത്തരവിന്റെ പകർപ്പ്

159 (1887) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജലവിഭവ വകുപ്പ് ഇറക്കിയ ജി.ഒ.(എംഎസ്.) നമ്പർ 74/96/Irrgn. തീയതി 17-10-1996 എന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വാട്ടർ അതോറിറ്റിയിലെ നിയമനം

160 (1888) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഇതുവരെ വാട്ടർ അതോറിറ്റിയിൽ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തിയെന്നതിന്റെ വിശദാംശം ഇനംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) വാട്ടർ അതോറിറ്റിയിൽ ഒരു മാനദണ്ഡവുമില്ലാതെ താൽക്കാലികമായി കരാർ/എച്ച്.ആർ. അടിസ്ഥാനത്തിൽ വിവിധ ആഫീസുകളിൽ ജോലി ചെയ്യുന്നവരുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിഭാഗത്തെ സ്ഥിരം ജീവനക്കാരായി മാറ്റുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഈ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ജല അതോറിറ്റി ജലവിഭവ വകുപ്പിന് എപ്പോഴെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly